# പ. വട്ടശ്ശേരിൽ തിരുമേനിയുടെ 150 – ാം ജന്മ വാർഷികത്തോടനുബന്ധിച്ച് അധിനിവേശ സംസ്ക്കാരത്തെക്കുറിച്ച് സെമിനാർ

കോട്ടയം: പ. വട്ടശ്ശേരിൽ തിരുമേനിയുടെ 150–ാം ജന്മ വാർഷികത്തോടനുബന്ധിച്ച് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് സ്റ്റഡി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 22–നു മൂന്നു മണിക്ക് "അധിനിവേശ സംസ്കാരം: മതസാമൂഹിക പശ്ചാത്തലത്തിൽ" എന്ന വിഷയത്തെക്കുറിച്ച് കോട്ടയം സ്റ്റുഡന്റ് സെന്ററിൽ സെമിനാർ നടക്കും.

ഫോറം പ്രസിഡന്റ് ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. തോമസ് മാർ അത്താനാസ്യോസ്, പ്രസാർഭാരതി ഡയറക്ടർ ഡോ. ജോർജ് വർഗീസ്, എം. ജി. യൂണിവേഴ്സിറ്റി സോഷ്യൽ സയൻസ് വിഭാഗം അദ്ധ്യാപകൻ ഡോ. ഗിരീഷ് കുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

പ. വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതവും ദർശനവും ലോകത്തിനു പരിചയപ്പെടുത്തുവാനായി സഭയുടെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സ്റ്റഡി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ St. Dionysius Orthodox Forum എന്ന ഇമെയിൽ ഗ്രൂപ്പും പ്രവർത്തിക്കുന്നുണ്ട്.